(ഡി) 2001 മേയ് മുതൽ 2003 മേയ് 31 വരെ ഇദ്ദേഹം എത്ര വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത വിദേശയാത്രകളുടെ പ്രയോജനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഡോ. ജി. സി. ഗോപാലപിള്ള

(ബി) ഒൻപത് വർഷമായി ഇദ്ദേഹം പ്രസ്തുത പദവിയിൽ തുടരുന്നു.

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇദ്ദേഹം നടത്തിയ വിദേശയാത്രകളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

(ഡി) 2001 മേയ് മുതൽ 2003 മേയ് വരെ ഇദ്ദേഹം ഒരു തവണ വിദേശ യാത്ര നടത്തിയിട്ടുണ്ട്. പ്രസ്തുതയാത്രയിൽ കൊറിയ, മലേഷ്യ എന്നീ രാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത വിദേശയാത്രയുടെ ഫലമായി പല വിദേശ വ്യവസായികളും കേരളം സന്ദർശിക്കുകയും അതനുസരിച്ച് കേരളത്തിൽ മുതൽ മുടക്കുന്നതിന് വേണ്ടിയുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി സ്ഥാപിക്കുന്ന റബ്ബർ പാർക്ക്

8 (1192) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി റബ്ബർ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) റബ്ബർ പാർക്ക് ആരംഭിക്കാത്തത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) സംസ്ഥാനത്ത് റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സം ഉള്ളതായി അറിവുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) റബ്ബർ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എറണാകുളം ജില്ലയിൽ കുന്നത്തുനാട് പഞ്ചായത്തിൽ പെരാപുരം എന്ന സ്ഥലത്ത് 107 ഏക്കർ സ്ഥലത്ത് റബ്ബർ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നു. റബ്ബർ ബോർഡും കിൻഫ്രയുമായുള്ള ഒരു സംയുക്ത സംരംഭമാണ് ഈ പ്രോജക്ട്. മൊത്തം സ്ഥലത്തിന്റെ ഏതാണ്ട് 70 ശതമാനം വ്യവസായ സംരംഭകർക്ക് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനായി നൽകുന്നതാണ്. പ്രോജക്ടിന്റെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള സംയുക്ത മേഖലയിലുള്ള കമ്പനി അടിസ്ഥാന സൗകര്യങ്ങളോടുകൂടി വികസിപ്പിച്ചിട്ടുള്ള വ്യവസായ പ്ലോട്ടുകൾ വ്യവസായ സംരംഭകർക്ക് നൽകി തുടങ്ങി.

(ബി) കിൻഫ്രയ്ക്കും റബ്ബർബോർഡിനും തുല്യ പങ്കാളിത്തമുള്ള റബ്ബർ പാർക്ക് എന്ന കമ്പനിയിൽ റബ്ബർ പാർക്കിന്റെ വിഹിതമായ 10 കോടി രൂപ കേന്ദ്ര നിക്ഷേപമായി ഉണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതമായ 10 കോടി രൂപ കിൻഫ്രയുടെ ഓഹരി മൂലധനമായി സംയുക്ത മേഖലയിലുള്ള ഈ കമ്പനിയിൽ ഉണ്ട്.

(ഡി) ഇത്തരമൊരു പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്ഥലമെടുക്കുന്നതിനും കെ.എസ്.ഇ.ബി. 110 കെ.വി. വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിനും വിതരണത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിനും കാലതാമസം വന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ വൈദ്യുതി വിതരണത്തിനുള്ള ലൈസൻസും ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(എഫ്) 2003 ജൂലൈ യിൽ പാർക്കിന്റെ ഔപചാരിക ഉദ്ഘാടനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളാ സോപ്സ് ആൻഡ് ഓയിൽസ് പുനരുദ്ധരിക്കാൻ നടപടി

9 (1193) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോടുള്ള കേരളാ സോപ്സ് ആന്റ് ഓയിൽസിന്റെ പുനരുദ്ധാരണത്തിന് എഫ്.എ.സി.ടി. എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ തയ്യാറാക്കിയ റീവൈറ്റലൈസേഷൻ പ്രൊപ്പോസൽ പരിശോധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് അറിയിക്കാമോ ;

(സി) ബഹുരാഷ്ട്ര കുത്തകളുടെ ഉൽപ്പന്നങ്ങൾ ബഹിഷ്ക്കരിക്കുന്ന ഈ ഘട്ടത്തിൽ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly